കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)*

നം.KSA-EKM.(ബിപി)283/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.07/03/2019
e-mail.lfadekm@gmail.com
0484- 2422271

ജോയിന്റ് ഡയറക്ടർ

.

പ്രസിഡന്റ് ,
പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുടബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം KSA-EKM (ബിപി.)283 /2019

തിയ്യതി: 07.03.2019

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.10.2017 മുതൽ 21.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ആറ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മൂന്നെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 22.2.2019 മുതൽ 27.2.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അനീഷ് ആർ. | ഓഡിറ്റർ |

.

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | അഡ്വ. ജിൻസൺ വി. പോൾ | 1.4.2017 | 19.5.2017 |
| | *ഒഴിവ്* | 20.5.2017 | 12.6.2017 |
| | ശ്രീ സുമിത് സുരേന്ദ്രൻ | 13.6.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ജയ ബിജുമോൻ | 1.4.2017 | 19.5.2017 |

| | | | |
|---|---|---|---|
| | ഒഴിവ് | 20.5.2017 | 12.6.2017 |
| | ശ്രീമതി ജെസ്സി ജോണി | 13.6.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ജെസ്സി ജോണി | 1.4.2017 | 19.5.2017 |
| | ഒഴിവ് | 20.5.2017 | 12.6.2017 |
| | ശ്രീമതി ജയ ബിജുമോൻ | 13.6.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി ശ്യാമള ഗോപാലൻ | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ വി.സി. കുര്യാക്കോസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ പി.ആർ. ഷിനോദ്<br>ജോയിന്റ് ബി.ഡി.ഒ. (അധിക ചുമതല) | 1.4.2017 | 22.4.2017 |
| | ശ്രീമതി കെ.സി. സുജാത,<br>ജോയിന്റ് ബി.ഡി.ഒ. (അധിക ചുമതല ) | 23.4.2017 | 30.4.2017 |
| | ശ്രീ ബൈജു റ്റി. പോൾ | 01.5.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ജിജി എലിസബത്ത് ക്ലാര ഫ്രാൻസീസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പാമ്പാക്കുട | ഡോ. സ്വാതി കെ.എസ്. | 1.4.2017 | 18.6.2017 |
| | ഡോ. ജീന എസ്. മോഹൻ | 19.6.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (രാമമംഗലം) | ഡോ. ദീപ കെ.എച്ച് | 1.4.2017 | 31.3.2018 |
| ശിശു വികസന ഓഫീസർ | ശ്രീമതി ഉമ കെ.കെ. | 1.4.2017 | 31.3.2018 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി ലിജി ആന്റണി | 1.4.2017 | 28.12.2017 |
| | ശ്രീമതി ഷൈനിമോൾ കെ.ബി. | 29.12.2017 | 14.1.2018 |
| | ശ്രീമതി സജിത ഡി. | 15.1.2018 | 31.3.2018 |
| ക്ഷീര വികസന ഓഫീസർ | ശ്രീ ശശി റ്റി.എസ്. | 1.4.2017 | 30.6.2017 |
| | ശ്രീമതി സൂസി എലിസബത്ത് തോമസ് | 1.7.2017 | 16.7.2017 |
| | ശ്രീ സുനിൽകുമാർ | 17.7.2017 | 14.11.2017 |
| | ശ്രീമതി കെ. ജയലക്ഷ്മി | 15.11.2017 | 31.3.2018 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ജൂഡ് ജോസഫ് സി.ഡി. | 1.4.2017 | 31.3.2018 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| 10 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-10 | |
| | ഭാഗം 2 | | |
| 11 | വാടകക്കുടിശിക ഈടാക്കിയില്ല | 2-1 | |
| | ഭാഗം– 3 | | |
| 12 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം സമയബന്ധിതമായി ഉപയോഗിച്ചില്ല | 3-1 | |
| 13 | ലഭിച്ച മണ്ണ് ലേലം ചെയ്തില്ല | 3-2 | |
| 14 | അധിക തുക നൽകിയത് | 3-3 | |
| 15 | പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 | |
| 16 | പദ്ധതി -മോണിട്ടറിംഗ് നടത്തിയില്ല | 3-5 | |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 23 | ഓഡിറ്റ് റിക്കവറി | 4-6 | |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 25 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | അനുബന്ധം.2 | |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.3 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |

| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 | |
|---|---|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 27.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 31.3.2018 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 18.7.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 5.10.2018 – 6.10.2018 | KSA EKM (BP)2055/18, 11.10.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32757834.00 |
| വരവ് | 55465666.00 |
| ആകെ | 88223500.00 |
| ചെലവ് | 78017574.00 |
| നീക്കിയിരിപ്പ് | 10205926.00 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 25706243 | 25706243 | 25706243 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ജനറൽ) | | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7598000 | 7598000 | 7598000 | 0 | 0 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 164000 | 164000 | 164000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3273000 | 3273000 | 3236936 | 0 | 36064 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2703458 | 4786663 | 7490121 | 7187532 | 302589 | 0 |
| BOI Misc. | 1526765 | 330347 | 1857112 | 808827 | 1048285 | 0 |
| IWMP/ PMKSY | 236 | 641124 | 641360 | 608172 | 302489 | 0 |
| IAY admn. | 28755 | 3301 | 32056 | 29335 | 33188 | 0 |
| IAY loan | 500 | 0 | 500 | 0 | 500 | 0 |
| സാക്ഷരത | 25872 | 0 | 25872 | 0 | 25872 | 0 |
| IAY (LB share) | 26810830 | 4960041 | 31770871 | 26262666 | 5508205 | 0 |
| TSC | 489003 | 33385 | 522388 | 14530 | 507858 | 0 |
| PMAY | 1100000 | 6370547 | 7470547 | 4693739 | 2776808 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 112 | 59069712 | 91 | 37798581 | 13 | 21 | 78 |

# 1-7 ആഭ്യന്തരനിയന്ത്രണം.

1) ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഇൻക്യുബൻസി രജിസ്റ്റർ

ഇൻക്യുബൻസി രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല. മുൻവർഷവും ഇക്കാര്യം ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും നടപടിയൊന്നും സ്വീകരിച്ചില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.2.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14640 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.1.2019- 18.1.2019 | 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.2.2014 | 2008- 09 മുതൽ 2012-13 വരെ | 25.3.2014 |

## 1-10 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടകക്കുടിശിക ഈടാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന് 2017-18 സാമ്പത്തീകവർഷത്തിൽ വാടക ഇനത്തിൽ 232075/- (തന്നാണ്ട് -153720, കുടിശിക -78355) രൂപ ലഭിക്കാനുണ്ടായിരുന്നു. എന്നാൽ, 113590/- ( തന്നാണ്ട് -93090, കുടിശിക -20500) രൂപ മാത്രമാണ് ഈ വർഷം പിരിച്ചത്. വാടക ഇനത്തിൽ 118485/- ( തന്നാണ്ട് - 6030, കുടിശിക – 57855) കുടിശിക ഉണ്ട്. എന്നാൽ, വാടക രജിസ്റ്ററിലെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

കുടിശിക തുക ബന്ധപ്പെട്ട വാടക്കാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.നിലവിലുള്ള വാടകക്കാരുടെ കരാർ തുടർന്നുള്ള വർഷങ്ങളിലേക്ക് പുതുക്കി നൽകുമ്പോൾ കുടിശിക ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ലോക്ക് പഞ്ചായത്ത് വിഹിതം സമയബന്ധിതമായി ഉപയോഗിച്ചില്ല

1)

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | എസ് 094/18,<br>ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 1,50,000/-(വികസനഫണ്ട്) |
| ചെലവ് | 1,50,000/- |
| ബിൽ നം.,തീയതി,തുക | 03/17-18 ; 28.09.17 ; 1,50,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |

2017-18 സാമ്പത്തികവർഷത്തിൽ രാമമംഗലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി സി.ഡി.പി.ഒ നടപ്പാക്കിയ പ്രൊജക്റ്റാണിത്. ടി തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ 13.10.17 ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 ൽ തുക ചെലവഴിച്ചിട്ടില്ല. 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നതാണെന്ന് രാമമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി.ഡി.പി.ഒ. യെ 30.06.18 ലെ സി2/1650/18 നം.കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

2)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 098/18, ഇലക്ട്രോണിക് വീൽ ചെയർ |
| അടങ്കൽ | 2,50,000/-(വികസനഫണ്ട്) |
| ചെലവ് | 2,50,000/- |
| ബിൽ നം.,തീയതി,തുക | 04/17-18 ; 24.10.17 ; 2,50,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |

2017-18 ൽ രാമമംഗലം പഞ്ചായത്തിലെ താമസക്കാരായ 3 പേർക്ക് ഇലക്ട്രോണിക് വീൽ ചെയർ നല്കുന്നതിനു വേണ്ടി സി.ഡി.പി.ഒ. നടപ്പാക്കിയ പ്രൊജക്റ്റാണിത്. ടി തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ 24.10.17 ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ 2017-18 ൽ തുക ചെലവഴിച്ചിട്ടില്ല. 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നതാണെന്ന് രാമമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി.ഡി.പി.ഒ. യെ 30.06.18 ലെ സി 2/1650/18 നം.കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

2017-18 സാമ്പത്തികവർഷം ഈ രണ്ട് പ്രൊജക്റ്റുകളിലായി ചെലവഴിക്കുന്നതിനാണ് രാമമംഗലം ഗ്രാമപഞ്ചായത്തിന് തുക അനുവദിച്ചത്. എന്നാൽ തൻവർഷം പദ്ധതികൾ നടപ്പാക്കാതെ 2018-19 വർഷത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് വിഹിതം സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഈ രണ്ട് പ്രൊജക്റ്റുകളുടേയും ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

## 3-2 ലഭിച്ച മണ്ണ് ലേലം ചെയ്തില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S0082/18, പാമ്പാക്കുട ബ്ലോക്ക് 60-ാം വാർഷിക ഹാൾ പൂർത്തീകരണം |
| കരാറുകാരന്റെ പേര് | ശ്രീ ഏല്യാസ് പി. വർഗ്ഗീസ് |
| അളവു പുസ്തകം | 33/PB/16-17 |
| ചെലവ് വിവരം | 26/17-18/ 6.1.2018 = 1071879/- |

മേൽ നമ്പർ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം 709.391$m^3$മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിൽ 68.871 മണ്ണ് ഫില്ലിംഗ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മണ്ണ് വിൽപ്പന നടത്തുന്നതിന് പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു. പഞ്ചായത്ത് കമ്മറ്റിയുടെ 14.2.2018 ലെ II(4) തീരുമാനം പ്രകാരം 2016-17 വർഷത്തെ പ്രൊജക്ടായ 60-ാം വാർഷിക ഹാൾ നിർമ്മിക്കുന്നതിനു വേണ്ട സ്ഥലമൊരുക്കിയപ്പോൾ ലഭിച്ച മണ്ണ് ലേലം/ടെണ്ടർ ചെയ്യുന്നതിനു വേണ്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 29.8.2017 ലെ നം. 81/എഇഇ / തസ്വഭവ / 2017-18 കത്ത് പ്രകാരം ആകെ 640.52$m^3$ മണ്ണ് ലഭ്യമാണ്. ഇതിന് കണക്കാക്കിയ വില 164611/- ( 257/$m^3$ x 640.42$m^3$) രൂപയുമാണ്. മണ്ണ് ലേലം ചെയ്യുന്നതിനുള്ള അനുമതിക്കായി റവന്യൂ ഡിവിഷണൽ ഓഫീസർ, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവർക്ക് കത്തയച്ചുവെങ്കിലും, മണ്ണ് വിൽപ്പനയായതിനാൽ അനുമതി നൽകാനുള്ള അധികാരം ബന്ധപ്പെട്ട വകുപ്പുകൾക്കില്ലെന്നറിയിക്കുകയുണ്ടായി. ഏറ്റവുമൊടുവിൽ ഗ്രാമ വികസന കമ്മീഷണർക്ക് 1.11.2018 ൽ വകുപ്പുതല അനുമതിക്കായി അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) എറണാകുളം കത്തയച്ചിട്ടുള്ളതായും ഫയലിലുണ്ട്. 2016-17 വർഷത്തിൽ ലഭിച്ച മണ്ണ് വിൽപ്പന നടത്താൻ പഞ്ചായത്തിന് ഇതുവരേയും കഴിഞ്ഞിട്ടില്ല. ഇക്കാര്യം ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 2/23.2.2019) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് അനുമതി ചോദിച്ചുവെങ്കിലും തങ്ങളുടെ അധികാര പരിധിയിൽ വരുന്നതല്ലാത്തതിനാൽ അനുവാദം നൽകിയില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ഒരു നിർമ്മാണ പ്രവൃത്തിയിലൂടെ ലഭിച്ച മണ്ണിന്റെ അളവും മൂല്യനിർണ്ണയവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയിട്ടും ഇതുവരേയും വിൽപ്പന നടത്താൻ കഴിയാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി മാത്രമേ വിലയിരുത്താനാകൂ. മണ്ണ് വിൽപ്പന നടത്തുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 അധിക തുക നൽകിയത്

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0125/18,<br>CHC പാമ്പാക്കുട അറ്റകുറ്റ പണികൾ |
| കരാറുകാരന്റെ പേര് | ശ്രീ ബാബുരാജ് കെ. |
| അളവു പുസ്തകം | 33/PB/16-17 |
| ചെലവ് വിവരം | 2961/31.3.2017 തുക 900000/-<br>1/17-18/ 1.8.2017 = 107468/- |

മേൽ നമ്പർ പ്രവൃത്തിയിലെ ഇനം 34 അനുസരിച്ച് providing and laying 60mm thick factory made cement concrete interlocking paver block of M 30 grade made by block making machine with strong vibratory compaction, of approved size design & shape, laid in required colour and pattern over and including 50mm thick compacted bed of stone aggregate ( single size ) 06 mm nominal size etc. all complete as per the direction of engineer in charge പ്രകാരം 529.43 $m^2$ ഏരിയ ചെയ്തതിന് 829/$m^2$ രൂപ നിരക്കിൽ 439019/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ അളവുകൾ പരിശോധിച്ചപ്പോൾ ആകെ ചെയ്ത ഏരിയയിൽ (601.11$m^2$) നിന്ന് കുറവുകൾ വരുത്തുമ്പോൾ 521.43 $m^2$ മാത്രമേ വരികയുള്ളൂ. ആയതിന് നൽകാവുന്ന തുക 432265.47 രൂപയാണ്. (521.43 $m^2$ x 829/$m^2$) ഈയിനം പ്രവൃത്തിയിൽ 6754/- രൂപ ( 439019-

432265.47) അധികം നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/27.2.2019) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-4 പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 087/18,<br>പട്ടികജാതി സാംസ്കാരിക നിലയങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 5,00,000/- (വികസനഫണ്ട് എസ്.സി.പി.) |
| ചെലവ് | 3,98,742/- |
| ബിൽ നം.,തീയതി,തുക | 1/17-18/ 26.10.17 തുക 3,98,742/- |
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതിവികസന ഓഫീസർ |

2017-18 സാമ്പത്തിക വർഷത്തിൽ പാലക്കുഴ, പാമ്പാക്കുട, രാമമംഗലം, ഇലഞ്ഞി, തിരുമാറാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പട്ടികജാതി സാംസ്കാരിക നിലയങ്ങളിലേക്ക് ഫർണിച്ചർ വാങ്ങി നല്കുന്നതിന് പട്ടികജാതിവികസന ഓഫീസർ നടപ്പാക്കിയ പ്രൊജക്ടാണിത്. സർക്കാർ സ്ഥാപനമായ ആലുവയിലെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ (FIT) നിന്നുമാണ് ഫർണിച്ചർ വാങ്ങിയത്. പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഇല്ല.

2) 10 മേശ 4240/- രൂപനിരക്കിലും 176 കസേര 2600/- രൂപ നിരക്കിലും വാങ്ങുന്നതിനാണ് പ്രൊജക്ടിൽ അംഗീകാരം ലഭിച്ചത്. എന്നാൽ 6 മേശ 8258/-രൂപ നിരക്കിലും 106 കസേര 3116/- രൂപ നിരക്കിലുമാണ് വാങ്ങിയത്. ആവശ്യത്തിനനുസരിച്ചല്ല പ്രൊജക്ട് വിഭാവനം ചെയ്തതും സാധനങ്ങൾ വാങ്ങിയതും എന്ന് ഇത് വ്യക്തമാക്കുന്നു.

3) 6 മേശയുടെയും 106 കസേരയുടെയും വില 379844/- ആണെങ്കിലും 398742/-രൂപ FIT ന് നല്കിയിട്ടുണ്ട് (രസീത് നം.229 / 26.10.17). 18898/- രൂപ അധികം നൽകിയിട്ടുണ്ട്. ടാക്സ്, ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ് ചാർജ്ജുകൾ 2017-18 ൽ കൊടുത്തതിന്റെ രേഖകൾ ഇല്ല.

4)പാലക്കുഴ മാറിക പഴയ കോളനി പട്ടികജാതി സാംസ്കാരികനിലയത്തിലേക്ക് ഒരു മേശയും 21 കസേരയും ഡെലിവർ ചെയ്തതിന്റെ രേഖകൾ ഇല്ല. മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കുകയുണ്ടായില്ല.

സാധനങ്ങൾ വാങ്ങുന്നത് സർക്കാർ സ്ഥാപനത്തിൽ നിന്നാണെങ്കിലും കരാറിലേർപ്പെടേണ്ടതും ആയത് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. FIT ന് കൂടുതൽ വില നൽകിയിട്ടുണ്ടെങ്കിൽ ആയത് ടാക്സ്, ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ് ചാർജ്ജുകൾ എന്നിവയിൽ ക്രമീകരിക്കേണ്ടതാണ്. കൂടാതെ പാലക്കുഴ പഞ്ചായത്തിലെ മാറിക പഴയ കോളനി സാംസ്കാരിക നിലയത്തിൽ ഫർണിച്ചർ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 പദ്ധതി -മോണിട്ടറിംഗ് നടത്തിയില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0134/18, അങ്കണവാടികളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കൽ |
| അടങ്കൽ | 12,00,000/- (വികസനഫണ്ട്) |
| ചെലവ് | 11,97,000/- |
| ബിൽ നം.,തീയതി,തുക | 08/17-18 / 23.03.18<br>തുക 11,97,000/- |
| നിർവഹണോദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |

2017-18 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ അങ്കണവാടികളെ ഹൈടെക്ക് ആക്കുന്നതിനും അങ്കണവാടികൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് ബോധവത്കരണത്തിനുപകരിക്കുന്ന പരിപാടികൾ കാണിക്കുന്നതിനും വേണ്ടി ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ നടപ്പാക്കിയ പ്രൊജക്ടാണിത്. ടി പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ആകെയുള്ള 122 അങ്കണവാടികളിൽ താഴെ പറയുന്ന 6 സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നവയിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിച്ചിട്ടുണ്ട്.

1) പാലക്കുഴ ഗ്രാമപഞ്ചായത്തിലെ മാറിക

2) ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ ആലപുരം

3) രാമമംഗലം ഗ്രാമപഞ്ചായത്തിലെ ഹോസ്പിറ്റൽ ജംഗ്ഷൻ

4) രാമമംഗലം ഗ്രാമപഞ്ചായത്തിലെ കോരൻകടവ്

5) പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ പഞ്ചായത്തുപടി

6) തിരുമാറാടി ഗ്രാമപഞ്ചായത്തിലെ മണ്ണത്തൂർ

സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡാണ്(കെഎസ്ഐഇ) സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിച്ച് നല്കിയത്. പ്രൊജക്ടർ, പവർ കേബിൾ,വിജിഎ കേബിൾ, വോൾ മൗണ്ട് കിറ്റ്, മെറ്റൽ കാബിനെറ്റ്,പെൻ ടോർച്ച്, റൈറ്റിംഗ് ബോർഡ്, യുപിഎസ്, കംപ്യൂട്ടർ എന്നിവ 6 അങ്കണവാടികളിൽ സ്ഥാപിച്ചു നല്കിയതിന് 11,97,000 /- രൂപ കെ.എസ്.ഐ.ഇ. കൈപ്പറ്റിയിട്ടുണ്ട് (രസീത് നം. 10256/ 26.03.18). സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിച്ചതായി ഓരോ അങ്കണവാടിയുടെയും വർക്കർ ആണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഈ പ്രൊജക്ട് മോണിറ്ററിംഗ് നടത്താതിരുന്നതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കുകയുണ്ടായില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മോണിറ്ററിംഗും ഫലപ്രദമായി നടത്തുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വിവിധ പ്രൊജക്ടുകളിലായി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | IKM വിഹിതം |
| അടങ്കൽ | 75,000/-(വികസനഫണ്ട്) |
| ചെലവ് | 75,000/- |
| നല്കിയത് | IKM |
| ബിൽ നം.,തീയതി,തുക | 07/17-18 ; 16.08.17 ; 75,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

2)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0114/18, പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിന് ഷ്രെഡ്ഡിംഗ് യൂണിറ്റ് - ബ്ലോക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | 10,00,000/-(വികസനഫണ്ട്) |
| ചെലവ് | 10,00,000/- |
| നല്കിയത് | തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| ബിൽ നം.,തീയതി,തുക | 05/17-18; 31.07.17 ; 10,00,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

3)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 021/18, പൊതുശ്മശാനം നവീകരണം – ഇലഞ്ഞി ഗ്രാമപഞ്ചായത്ത് (ബ്ലോക്ക് വിഹിതം) |
| അടങ്കൽ | 5,00,000/-(വികസനഫണ്ട്) |
| ചെലവ് | 5,00,000/- |
| നല്കിയത് | ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| ബിൽ നം.,തീയതി,തുക | 06/17-18 ; 31.07.17 ; 5,00,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

4)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 020/18, പൊതുശ്മശാനം നവീകരണം -പാലക്കുഴ (ബ്ലോക്ക് വിഹിതം) |
| അടങ്കൽ | 5,00,000/-(വികസനഫണ്ട്) |
| ചെലവ് | 5,00,000/- |
| നല്കിയത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| ബിൽ നം.,തീയതി,തുക | 08/17-18 ; 16.08.17 ; 5,00,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

5)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0131/18, സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ |
| അടങ്കൽ | 9,80,067/-(വികസനഫണ്ട്) |
| ചെലവ് | 9,80,067/- |
| നല്കിയത് | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| ബിൽ നം.,തീയതി,തുക | 53/17-18 ; 08.03.18 ; 9,80,067/- |

| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മുകളിൽ പരാമർശിച്ച പ്രൊജക്ടുകൾക്കായി ചെലവഴിച്ച 30,55,067/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ANERT | ബ്ലോക്ക് പഞ്ചായത്തിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ | 06/17-18; 18.09.17 | 645000 | 0 | 645000 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയു | ഉത്തരവ് | വായ്പ തുക | വർഷാരംഭ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| ടെ പേര്/ ഉദ്ദേശ്യം | നമ്പർ/തീയതി | | ത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS housing scheme | G.O.Rt.1365/ 2010 dt.21.4.2010 | 15,03,128 | 6,01,252 | 1,50,313 | 0 | 4,50,939 |
| IAY housing | G.O.Ms.90/ 13 dt. 14.3.2013 | 48,00,000 | 48,00,000 | 0 | 0 | 48,00,000 |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55465666.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78017574.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6754.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3055067.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | | 6754 | ജൂഡ് ജോസഫ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 30,55,067 | ബൈജു ടി. പോൾ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബൈജു ടി. പോൾ, സെക്രട്ടറി | സെക്രട്ടറി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | തെക്കേ പൊള്ളയിൽ, ഇഞ്ചൂർ, കോഴിപ്പള്ളി പി.ഒ., കോതമംഗലം |
| ജൂഡ് ജോസഫ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | ചെമ്മായത്ത് ഹൗസ്, കോതാട് പി.ഒ., കൊച്ചി -27 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 1996-97 | എൽ.എഫ്.ഇ.(സി)834/2000/22.1.2001 | - |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.0/ 15.2.01 | - |
| 2000-01 2001-02 | എൽ.എഫ്.ഇ.(സി)195/2000/ 20.4.2005 | - |
| 2002-03 | എൽ.എഫ്.ഇ.(സി) 1429/ 05/ 23.5.2006 | - |
| 2003-04 | എൽ.എഫ്.ഇ.(സി)1270/06/ 4.12.07/ 10.8.07 | - |
| 2007-08 | എൽ.എഫ്.ഇ.(സി)1539/ 08/2.4.09/ 2.11.11 | - |
| 2008-09 | എൽ.എഫ്.ഇ.(സി)464/ 08/ 27.8.09/ 2.11.11 | - |
| 2009-10 | എൽ.എഫ്.ഇ.(സി) 375/12 /15.5.12/ 5.6.12 | - |
| 2010-11, 2011-12 | എൽ.എഫ്.ഇ.(സി) 284/13/ 15.3.13/ 10.4.13 | - |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1)300/2014/3.5.14/ 17.5.14 | - |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(ബി.പി) 577/ 2016/ 2.4.2016 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി) 396/ 2016/ 2.4.2016 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)2110/2017/30.11.2017 | |

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(ബിപി.)283//2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:07/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല.

# അനുബന്ധം - 2

## വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) TSC അക്കൗണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ വർഷാവസാനം ബാങ്ക് ബുക്കുമായി റീകൺസിലിയേഷൻ ചെയ്ത് സൂക്ഷിച്ചിട്ടില്ല.
2) Literacy അക്കൗണ്ട് റീകൺസിലിയേഷൻ ചെയ്തിട്ടില്ല.
3) IAY – additional assistance അക്കൗണ്ടിന്റെ 14.07.2017 മുതലുള്ള പാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല.